©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
**(2021-2023)**

**ഇരുപത്തിയൊന്നാമത് റിപ്പോർട്ട്**

(2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളുടെ**

**(എസ്.ആർ.ഒ. നമ്പർ 771/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

## (2021-2023)

### ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 771/2020) സൂക്ഷ്മപരിശോധന സംബന്ധിച്ചത്]**

793/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 771/2020) | - | 13 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 787/2019) | - | 27 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 370/2020) | - | 29 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. എം.എം. മണി.

അംഗങ്ങൾ :

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ. യു.എ. ലത്തീഫ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. എം. മുകേഷ്

ശ്രീ. സി.സി. മുകുന്ദൻ

ശ്രീ. വി.കെ. പ്രശാന്ത്

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ.എം. ബഷീർ,സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത്ത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)-യുടെ ചെയർമാനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിൻ (2014-ലെ 5-ാം ആക്റ്റ്) കീഴിൽ പ്രസിദ്ധീകരിച്ച 771/2020 (2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ), 787/2019, 370/2020 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ കമ്മിറ്റിയുടെ 04-04-2023-ലെ യോഗത്തിൽ പരിശോധന നടത്തുകയും പൊതുഭരണം (ന്യൂനപക്ഷക്ഷേമ), നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2023 ജൂലൈ 20-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലുള്ളവരുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുമായിട്ടാണ് 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് (2014-ലെ 5-ാം ആക്ട്) നിലവിൽ വന്നത്. പ്രസ്തുത ആക്ടിലെ 20-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 21-10-2020-ലെ സ. ഉ. (അച്ചടി) 14/2020/ പൊ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതാണ് 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 771/2020 - അനുബന്ധം I).

2. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിൻ (2014-ലെ 5-ാം ആക്ട്) കീഴിൽ പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 771/2020 (2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ), 787/2019, 370/2020 എന്നിവയുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് പൊതുഭരണം (ന്യൂനപക്ഷക്ഷേമ), നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

## 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

## (എസ്. ആർ. ഒ. നമ്പർ 771/2020)

***

3. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടും (2014-ലെ 5-ാം ആക്ട്) കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും നിലവിൽ വന്ന് ഏഴ് വർഷം കഴിഞ്ഞതിന് ശേഷമാണ്, ആക്ട് നിലവിൽ വന്ന തീയതിയായ 2013 മേയ് 15 മുതൽ മുൻകാല പ്രാബല്യം നൽകി '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്ന പേരിൽ ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നതെന്ന് സമിതി കണ്ടെത്തി. ചട്ടങ്ങൾ അന്തിമ രൂപത്തിലാക്കുന്നതിന് വിവിധ തലങ്ങളിൽ പരിശോധന വേണ്ടി വന്നതിനാലാണ് ഇത്രയും കാലതാമസം നേരിട്ടതെന്ന് സമിതി മനസ്സിലാക്കുന്നു. എങ്കിലും, ഒരു നിയമം നിലവിൽ വന്നതിനുശേഷം അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സബോർഡിനേറ്റ് ലെജിസ്ലേഷൻ പ്രക്രിയയ്ക്ക് നീണ്ട ഏഴ് വർഷ കാലയളവ് വേണ്ടിവരുന്നത്, എന്ത് കാര്യത്തിനാണോ നിയമനിർമ്മാണം നടത്തിയത് അതിന്റെ ഉദ്ദേശ്യലക്ഷ്യത്തെ നിഷ്ഫലമാക്കുന്നതിന് തുല്യമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിൽ സമിതി അതൃപതി രേഖപ്പെടുത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.</u>

4. ചട്ടം 1(2)-ലെ 'മെയ് ' എന്നത് ആക്ടിലെ വകുപ്പ് 1(2)-ലേതുപോലെ 'മേയ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ചട്ടം 2-ലെ തലക്കെട്ടായ 'നിർവചനങ്ങൾ' എന്നത് ആക്ടിലെ വകുപ്പ് 2-ലെ തലക്കെട്ടുപോലെ 'നിർവ്വചനങ്ങൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ചട്ടം 2(1)(ബി)-ലെ "സമുദായ സർട്ടിഫിക്കറ്റ് " എന്നത് ആക്ടിലെ വകുപ്പ് 10-ലേതു പോലെ "ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് " എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 2(1)(സി)-ലെ 'ഫോറം എന്നർത്ഥമാകുന്ന' എന്നത് 'ഫാറം എന്നർത്ഥമാകുന്നു.' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ചട്ടം 4(1)-ന് ക്ലിപ്ത നിബന്ധന ഉള്ളതിനാൽ, ചട്ടം 4(1)-ന്റെ അവസാന വാക്കായ 'അർഹതയുണ്ടായിരിക്കുന്നതാണ്. ' എന്നത് 'അർഹതയുണ്ടായിരിക്കുന്നതാണ്: ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം 4(1)-ന്റെ ഒന്നാം വരിയിലെയും ചട്ടം 10(1)-ന്റെ രണ്ടാം വരിയിലെയും 'ചെയർപേഴ്സണ് ' എന്നത് 'ചെയർപേഴ്സന് ' എന്നും ചട്ടം 4(2)-ന്റെ ഒന്നാം വരിയിലെ 'ചെയർപേഴ്സണോ' എന്നത് ചട്ടം 4(1)-ന്റെ ക്ലിപ്ത നിബന്ധനയിലെ ഒന്നാം വരിയിലേതുപോലെ 'ചെയർപേഴ്സനോ' എന്നും ചട്ടം 4(3), ചട്ടം 5 എന്നിവയിലെ ഒന്നാം വരികളിലെ 'ചെയർപേഴ്സണും' എന്നത് ചട്ടം 4(1)-ന്റെ മൂന്നാം വരിയിലേതുപോലെ 'ചെയർപേഴ്സനും' എന്നും ചട്ടം 4(3)-ന്റെ മൂന്നാം വരിയിലെ 'ചെയർ പേഴ്സൺ' എന്നത് 'ചെയർപേഴ്സൺ' എന്നും ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ആക്ടിലെ 4-ാം വകുപ്പിന്റെയും ചട്ടങ്ങളിലെ 4-ാം ചട്ടത്തിന്റെയും തലക്കെട്ടിൽ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകളെ കുറിച്ചാണ് പ്രതിപാദിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 4(1)-ന്റെ ക്ലിപ്ത നിബന്ധനയിലെ ഒന്നാം വരിയിലെ 'മെമ്പർമാരോ' എന്നത് 'അംഗങ്ങളോ ' എന്നും ചട്ടം 4(2)-ന്റെ ഒന്നാം വരിയിലെ 'മെമ്പറോ' എന്നത് 'അംഗമോ' എന്നും ചട്ടം 4(3), ചട്ടം 5 എന്നിവയിലെ ഒന്നാം വരികളിലെ 'മെമ്പർമാർക്കും' എന്നത് 'അംഗങ്ങൾക്കും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 4(2)-ലെ മൂന്നാം വരിയിലെ 'വരമിച്ചതായി' എന്നത് 'വിരമിച്ചതായി' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 4(3)-ലെ 'ലീവ്, ലീവ് സാലറി, മെഡിക്കൽ അലവൻസ്, ട്രാവലിംഗ് അലവൻസ്, മറ്റ് അലവൻസുകൾ ' എന്നിവ 'അവധി, അവധിക്കാല ശമ്പളം, ചികിത്സാ ബത്ത, യാത്രാ ബത്ത, മറ്റ് ബത്തകൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ചട്ടം 4(3)-ന്റെ അവസാന വാക്കായ 'ആയിരിക്കും' എന്നത് 'ആയിരിക്കും. ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ചട്ടം 5-ലെ 'മൂന്നു വർഷമായിരിക്കും കാലാവധി' എന്നത് ആക്റ്റിലെ 4(1)-ാം വകുപ്പിലേതുപോലെ, 'ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. 'കമ്മീഷനിലെ ജീവനക്കാരുടെ എണ്ണവും, അവരുടെ യോഗ്യതയും, നിയമന രീതിയും, ശമ്പള സ്കെയിലും ഈ ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.' എന്നാണ് ചട്ടം 6(1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും തസ്തിക, തസ്തികകളുടെ എണ്ണം, നിയമന രീതി എന്നിവയെ കുറിച്ച് മാത്രമാണ് പട്ടിക I-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി കണ്ടെത്തി. ചട്ടങ്ങളിൽ ഒന്നിൽ കൂടുതൽ പട്ടിക ഇല്ലാത്തതിനാൽ ചട്ടം 6(1)-ലെ 'ഒന്നാം പട്ടികയിൽ' എന്നത് 'പട്ടികയിൽ' എന്നാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, 'കമ്മീഷനിലെ ജീവനക്കാരുടെ തസ്തികയും തസ്തികകളുടെ എണ്ണവും നിയമന രീതിയും ഈ ചട്ടങ്ങളിലെ പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.' എന്ന് ചട്ടം 6(1)-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 6(2)-ലെ 'ലഭിക്കുന്ന' എന്ന വാക്കിനുശേഷം 'ശമ്പളത്തിനും' എന്ന വാക്ക് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ആക്റ്റിലെ 10-ാം വകുപ്പിൽ ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 8-ന്റെ തലക്കെട്ടിലെ 'സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും' എന്നത് 'ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും' എന്നും 8(1)-ലെ ഒന്നാം വരിയിലെയും ചട്ടം 9-ലെ തലക്കെട്ടിലെയും 'സമുദായ സർട്ടിഫിക്കറ്റ് ' എന്നത് 'ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ചട്ടം 8(1) പ്രകാരം, സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഫാറം നമ്പർ I-ൽ ബന്ധപ്പെട്ട അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട അധികാരി ആരാണെന്ന് ചട്ടത്തിൽ വ്യക്തമായി ചേർത്തിട്ടില്ലെന്ന് സമിതി കണ്ടെത്തി. സംസ്ഥാനത്തെ ആവശ്യത്തിന് വില്ലേജ് ഓഫീസറും സംസ്ഥാനത്തിന് പുറത്തുള്ള ആവശ്യത്തിന് തഹസിൽദാറുമാണ് ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ്

നൽകുന്നതെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ചട്ടം 8(1)-ലെ 'ബന്ധപ്പെട്ട അധികാരിക്ക്" എന്നതിനുപകരം 'ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ തഹസിൽദാർക്ക് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 8(1) പ്രകാരം, സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഫാറം നമ്പർ I-ൽ ബന്ധപ്പെട്ട അധികാരിക്ക് ഒരു അപേക്ഷ ലഭിച്ചാൽ, അപേക്ഷകന്റെ പേരും മേൽവിലാസവും അപേക്ഷ സമർപ്പിച്ച തീയതിയും ഹാജരാക്കിയ രേഖകളും ഉൾപ്പെടുത്തിക്കൊണ്ട് കൈപ്പറ്റ് രസീത് നൽകണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്നും കൈപ്പറ്റ് രസീതിനായി ഒരു ഫാറം ചട്ടത്തിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 9(1)-ലെ നാലാം വരിയിലെ 'ഫോറം' എന്നത് 'ഫാറം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ചട്ടം 9(2)-ലെ 'അപേക്ഷകനെ അപ്രകാരം അറിയിക്കേണ്ടതുമാണ്" എന്നത് 'രേഖാമൂലം അപേക്ഷകനെ അപ്രകാരം അറിയിക്കേണ്ടതുമാണ്" എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഫാറം നമ്പർ I പ്രകാരമുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരി നിരസിക്കുകയാണെങ്കിൽ അപ്പീൽ നൽകുവാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി കണ്ടെത്തുകയും അപ്പീൽ നൽകുവാൻ അവസരം നൽകേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തെ ആവശ്യത്തിന് വില്ലേജ് ഓഫീസറും സംസ്ഥാനത്തിന് പുറത്തുള്ള ആവശ്യത്തിന് തഹസിൽദാറുമാണ് ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതെന്നതിനാൽ യഥാക്രമം തഹസിൽദാർ/റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരെ അപ്പീൽ അധികാരികളാക്കാവുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം നമ്പർ I പ്രകാരമുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരി നിരസിക്കുകയാണെങ്കിൽ, തഹസിൽദാർ/റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകാവുന്നതാണെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യണമെന്നും അപ്പീൽ നൽകുന്നതിനായി ഒരു ഫാറം ചട്ടങ്ങളിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 2(1)(എ)-ൽ "ആക്റ്റ് " എന്നാൽ 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് എന്നാണ് നിർവ്വചിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ ചട്ടം 11, 12 എന്നിവയിലെ ഒന്നാം വരികളിലെ 'നിയമത്തിന്റെ' എന്നത് 'ആക്റ്റിന്റെ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. വകുപ്പ് 18-ൽ വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തിൽ തയ്യാറാക്കണമെന്നും ചട്ടം 12-ൽ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആയതിന്റെ പകർപ്പ് സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്നും വ്യവസ്ഥ

ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു . വാർഷിക റിപ്പോർട്ട് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, വാർഷിക സ്റ്റേറ്റ്മെന്റും തയ്യാറാക്കണമെന്ന് ചട്ടം 11-ൽ വ്യവസ്ഥ ചെയ്യണമെന്നും പട്ടികയിൽ ഉൾപ്പെട്ട ഒന്നല്ല ഫാറം എന്നതിനാൽ, 'പട്ടികയിലെ' എന്ന വാക്ക് ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 11-ലെ 'പട്ടികയിലെ IV-ാം നമ്പർ ഫാറത്തിൽ' എന്നത് 'ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് ആറ് മാസത്തിനകം ഫാറം നമ്പർ IV-ൽ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം, വാർഷിക റിപ്പോർട്ട് സർക്കാരിലേക്ക് നേരിട്ട് അയയ്ക്കേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 12-ലെ നാലാം വരിയിലെ 'അയക്കേണ്ടതുമാണ് ' എന്നത് 'നേരിട്ട് അയയ്ക്കേണ്ടതുമാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടങ്ങളിൽ ഒന്നിൽ കൂടുതൽ പട്ടിക ഇല്ലാത്തതിനാൽ 'പട്ടിക I' എന്നത് 'പട്ടിക ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. പട്ടിക I-ലെ 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020' എന്നത് ചട്ടം 1(1)-ലേതുപോലെ '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്നാക്കി, പട്ടിക എന്നതിന് താഴെയായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 6(1) പ്രകാരം, പട്ടിക I-ൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലെ ജീവനക്കാരുടെ തസ്തികകളും അവയുടെ നിയമന രീതിയെ കുറിച്ചുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പട്ടിക I-ലെ 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ' എന്ന തലക്കെട്ട് 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലെ തസ്തികകളും നിയമന രീതിയും' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. പട്ടിക I-ലെ ക്രമ നമ്പർ 3-ലെ രണ്ടാം കോളം 'ഫിനാൻസ് ഓഫീസർ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. വകുപ്പ് 4-ൽ ചെയർപേഴ്സനെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പട്ടിക I-ലെ ക്രമ നമ്പർ 6-ലെ രണ്ടാം കോളത്തിലെ ചെയർമാന്റെ പേഴ്സണൽ അസിസ്റ്റന്റ് എന്നതിലെ 'ചെയർമാന്റെ' എന്നത് 'ചെയർപേഴ്സന്റെ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഫാറം നം. I-ൽ 'ഫാറം നം. I' എന്നതിന് താഴെയായി '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഫാറം നം. I-ലെ തലക്കെട്ട് ആയ 'സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ' എന്നത് ആക്റ്റിലെ 10-ാം വകുപ്പിലേതുപോലെ 'ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഫാറം നം. I-ലെ ക്രമ നമ്പർ 2-ലെ 'വിലാസം' എന്നത് 'ഇപ്പോഴത്തെ മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ഫാറം നം. I-ലെ ക്രമ നമ്പർ 5-ലെ 'സ്ഥിരതാമസ സ്ഥലം' എന്നത് 'സ്ഥിരമായ മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ഫാറം നം. I-ലെ ക്രമ നമ്പർ 6-ലെ '(a) അപേക്ഷ മറ്റേതെങ്കിലും വ്യക്തിക്ക് വേണ്ടിയാണോ എന്ന് ?' എന്നത് '(എ) അപേക്ഷ മറ്റേതെങ്കിലും വ്യക്തിക്ക് വേണ്ടിയാണോ? ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ഫാറം നം. I-ലെ ക്രമ നമ്പർ 6-ലെ '(b) അങ്ങനെയെങ്കിൽ, ഏത് അധികാരത്തിൽ ?' എന്നത് '(ബി) ആണെങ്കിൽ, ആ വ്യക്തിയുമായുള്ള ബന്ധം?' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഫാറം നം. I-ലെ ക്രമ നമ്പർ 6-ലെ '(c) അങ്ങനെയെങ്കിൽ, ടി വ്യക്തിയുടെ പേരും, വിലാസവും, പ്രായവും ' എന്നത് '(സി) ടി വ്യക്തിയുടെ പേരും, മേൽവിലാസവും, പ്രായവും ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ഫാറം നം. I-ലെ ക്രമ നമ്പർ 10-ന് ശേഷമുള്ളതും 'പ്രസ്താവന' എന്ന തലക്കെട്ടിലെ അവസാന ഭാഗത്തുള്ളതുമായ 'അപേക്ഷകന്റെ ഒപ്പ്' എന്നത് 'അപേക്ഷകന്റെ/ അപേക്ഷകയുടെ ഒപ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ഫാറം നമ്പർ I പ്രകാരമുള്ള അപേക്ഷയിന്മേൽ ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകിയോ അല്ലെങ്കിൽ നിരസിച്ചോ എന്ന വിവരം പ്രസ്തുത ഫാറത്തിൽ തന്നെ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഫാറം നമ്പർ I -ന്റെ അവസാന ഭാഗത്ത് 'ഓഫീസ് ഉപയോഗത്തിന് ' എന്ന തലക്കെട്ട് ചേർക്കണമെന്നും, അതിന് താഴെയായി 'അപേക്ഷ അനുവദിച്ചു/നിരസിച്ചു ' എന്നും

ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് വശത്തായി 'അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും' എന്നും രേഖപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. ഫാറം നം. I പ്രകാരമുള്ള ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ ഹാജരാക്കേണ്ട രേഖകൾ ഏതൊക്കെയെന്ന് കുറിപ്പായി ഫാറം നം. I-ന്റെ അവസാന ഭാഗത്ത് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ഫാറം നം. II-എന്നതിന് താഴെയുള്ള ചട്ടങ്ങളുടെ പേര്, '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്ന് ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ഫാറം നം. II-ന് താഴെയുള്ള '(ചട്ടം 8 ലെ ഉപചട്ടം (2 കാണുക)' എന്നത് '(ചട്ടം 8-ലെ ഉപചട്ടം (2) കാണുക)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. ഫാറം നം. II എന്ത് ആവശ്യത്തിനുള്ളതാണെന്ന് അറിയുന്നതിനായി, 'ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷാ വിവരം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ' എന്ന തലക്കെട്ട് ഫാറം നം. II-ന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ഫാറം നം. II-ന്റെ ക്രമ നമ്പർ 1-ലെ 'അപേക്ഷകന്റെ പേര് എന്നത് 'അപേക്ഷകന്റെ/ അപേക്ഷകയുടെ പേര് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ഫാറം നം. I പ്രകാരമുള്ള സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അപേക്ഷകൻ നൽകുന്ന വിവരങ്ങളിൽ നിന്നാണ് ഫാറം നം. II-ലെ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ഫാറം നം. II-ലെ ക്രമ നമ്പർ 4-ലെ ജനനത്തീയതി, ക്രമ നമ്പർ 5, 6, 7, 11, 12, 13, 14, 15 എന്നിവയ്ക്ക് ആവശ്യമായ വിവരശേഖരണം തുടങ്ങിയവ ഫാറം നം. I-ൽ നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽപറഞ്ഞവ ചേർത്ത് ഫാറം നം. I പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. ഫാറം നം.I പ്രകാരമുള്ള അപേക്ഷ മറ്റൊരു വ്യക്തിയുടെ ആവശ്യത്തിനുവേണ്ടിയും നൽകാമെന്നതിനാൽ ഏത് വ്യക്തിക്കുവേണ്ടിയാണ് അപേക്ഷ നൽകിയതെന്ന വിവരം ഫാറം നം. II-ലെ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ഫാറം നം. II-ലെ ക്രമ നമ്പർ 12-ലെ 'വിവാഹിതനാണെങ്കൽ' എന്നത് 'വിവാഹിതനാണെങ്കിൽ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ഫാറം നമ്പർ I പ്രകാരമുള്ള അപേക്ഷയിന്മേൽ ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകിയോ അല്ലെങ്കിൽ നിരസിച്ചോ എന്നും തീരുമാനമെടുത്ത തീയതിയും അറിയുന്നതിനായി, ഫാറം നം. II-ലെ ക്രമ നമ്പർ 15-നുശേഷം 'അപേക്ഷ അനുവദിച്ച/ നിരസിച്ച, തീയതി' എന്നിവ രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ഫാറം നം. II-ലെ അവസാന ഭാഗത്തുള്ള 'അധികാരിയുടെ ഒപ്പ്, അധികാരിയുടെ പേരും ഉദ്യോഗപ്പേരും' എന്നത് 'അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. ഫാറം നം. III-ലെ '(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)' എന്നത് ചട്ടം 1(1)-ലേതുപോലെ '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്ന് ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. ഫാറം നം. III-ലെ തലക്കെട്ട് ആയ 'സമുദായ സർട്ടിഫിക്കറ്റ് ' എന്നത് ആക്റ്റിലെ 10-ാം വകുപ്പിലേതുപോലെ 'ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ഫാറം നം. III-ലെ അവസാന ഭാഗത്തുള്ള 'ഒപ്പ്, അധികാരിയുടെ പേരും ഉദ്യോഗപ്പേരും' എന്നത് 'അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും' എന്നാക്കണമെന്നും '(സീൽ)' എന്നത് '(ഓഫീസ് സീൽ)' എന്ന് മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

53. ഫാറം നം. IV-ലെ '(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)' എന്നത് ചട്ടം 1(1)-ലേതുപോലെ '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്നാക്കി, ഫാറം നം. IV എന്നതിന് താഴെയായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. ഫാറം നം. IV-ലെ തലക്കെട്ട് ആയ 'കണക്കുകളുടെ പ്രസ്താവം' എന്നത് ചട്ടം 11-ലേതു പോലെ 'കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. ഫാറം നം. IV-ലെ ക്രമ നമ്പർ 3-ലെ 'ബഡ്ജറ്റ് ' എന്നത് 'ബജറ്റ് ' എന്നും 'ഓഫീസ് സീൽ ' എന്നത് '(ഓഫീസ് സീൽ) ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഫാറം നം. V-ലെ '(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)' എന്നത് ചട്ടം 1(1)-ലേതുപോലെ '2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ' എന്നാക്കി, ഫാറം നം. V എന്നതിന് താഴെയായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ഫാറം നം. V-ലെ തലക്കെട്ട് ആയ 'വാർഷിക റിപ്പോർട്ട് ' എന്നത് ഏത് സാമ്പത്തിക വർഷത്തേക്കുള്ളതാണെന്ന് അറിയുന്നതിനായി, '20-- - 20-- സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിപ്പോർട്ട് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഫാറം നം. V-ലെ മെമ്പർ സെക്രട്ടറി എന്നതിനുശേഷം, അവസാന ഭാഗത്ത് മദ്ധ്യത്തിലായി '(ഓഫീസ് സീൽ) ' എന്നും 'സെക്രട്ടറി' എന്നത് 'ഗവൺമെന്റ് സെക്രട്ടറി' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. '2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് 20-ാം വകുപ്പ് പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിയിരിക്കുന്നു' എന്ന് വിശദീകരണക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ വ്യക്തത കുറവുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. വിശദീകരണക്കുറിപ്പ് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ലെങ്കിലും വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നതിലേക്കായി, ആക്റ്റ് നമ്പറും വർഷവും ഉൾപ്പെടുത്തികൊണ്ട്, '2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5-ാം ആക്റ്റ്) 20-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിയിരിക്കുന്നു' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ചട്ടത്തിന്റെ അവസാന ഭാഗത്ത് ചേർത്തതിന് ഉപരിയായി, വിശദീകരണക്കുറിപ്പിന്റെ അവസാന ഭാഗത്തും 'ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, എ. ഷാജഹാൻ, സെക്രട്ടറി' എന്ന് ചേർത്തിരിക്കുന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. കമ്മീഷൻ യോഗം ചേരുമ്പോൾ ആരാണ് ആദ്ധ്യക്ഷ്യം വഹിക്കണമെന്ന് ആക്റ്റിലോ ചട്ടത്തിലോ വ്യക്തമാക്കിയിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ, 'ആക്റ്റിലെ 8(1)-ാം വകുപ്പ് പ്രകാരം, കമ്മീഷൻ യോഗം ചേരുമ്പോൾ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കണമെന്നും ചെയർപേഴ്സന്റെ അസാന്നിദ്ധ്യത്തിൽ ഹാജരായ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരു അംഗം യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.' എന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്തുകൊണ്ട് സർക്കാരിന് റിപ്പോർട്ട് നൽകുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യേണ്ടതാണെന്നും ആക്റ്റിലെ 9(ഇ) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. 2013-ൽ രൂപീകൃതമായ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, അതിന്റെ പ്രവർത്തനം ആരംഭിച്ച് പത്ത് വർഷമാകാറായിട്ടും ആക്റ്റിലെ 9(ഇ) വകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് പോലും സർക്കാരിന് നൽകിയിട്ടില്ലെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി രൂപീകരിച്ച കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ സാധിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ആക്റ്റിലെ 9(ഇ) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്തുകൊണ്ട് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അടിയന്തരമായി സർക്കാരിന് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. ആക്റ്റിലെ 9(കെ) വകുപ്പ് പ്രകാരം, വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യവികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കുന്നതിനായി കമ്മീഷൻ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആക്റ്റിൽ വിഭാവന ചെയ്തിട്ടുള്ളതുപ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് എത്രത്തോളം പ്രവർത്തിക്കുവാൻ സാധിച്ചുവെന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ആക്റ്റിലെ 9(കെ) വകുപ്പ് പ്രകാരം, വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യവികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

## (എസ്.ആർ.ഒ. നമ്പർ 787/2019)

****

64. 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസിലെ (2013-ലെ 37) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ടാണ് എസ്.ആർ.ഒ. നമ്പർ 454/2013 പ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്ന നികായം രൂപീകരിച്ചതെന്നും അതിലെ ചെയർപേഴ്സനെയും അംഗങ്ങളെയും നിയമിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. മൂന്ന് വർഷ കാലാവധി കഴിഞ്ഞതിനെ തുടർന്ന് എസ്.ആർ.ഒ. നമ്പർ 612/2016, 239/2017 എന്നിവ പ്രകാരം കമ്മീഷൻ പുന:സംഘടിപ്പിക്കുകയും പ്രസ്തുത കമ്മീഷന്റെ മൂന്ന് വർഷ കാലാവധി കഴിഞ്ഞതിനെ തുടർന്ന് എസ്.ആർ.ഒ. നമ്പർ 787/2019 (അനുബന്ധം II), 370/2020 (അനുബന്ധം III) എന്നിവ മുഖേനയാണ് വീണ്ടും കമ്മീഷനിൽ ചെയർപേഴ്സനെയും അംഗങ്ങളെയും നിയമിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

65. ആക്ടിലെ വകുപ്പ് 4(1) പ്രകാരം, ചെയർപേഴ്സനും അംഗങ്ങൾക്കും ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ എസ്.ആർ.ഒ. നമ്പർ 787/2019 പ്രകാരം, എസ്.ആർ.ഒ. നമ്പർ 612/2016 മുഖേന നിലവിൽ വന്ന കമ്മീഷൻ അംഗങ്ങളുടെ കാലാവധി 21-10-2019-ലെ സ.ഉ.(പി.)14/2019/പൊ.ഭ.വ. നമ്പർ ഉത്തരവിലൂടെ 2019 ഒക്ടോബർ മാസം 5-ാം തീയതി മുതൽ ചെയർപേഴ്സനെയും അംഗത്തെയും വീണ്ടും നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവായിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. മുൻ കമ്മീഷന്റെ കാലാവധി അവസാനിച്ചത് 4-10-2019-ൽ ആണെന്നും 5-10-2019-ാം തീയതി പ്രാബല്യത്തിൽ വന്ന കമ്മീഷനിൽ ചെയർപേഴ്സനെയും അംഗത്തെയും വീണ്ടും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്ന തീയതി 26-10-2019 ആണെന്നും സമിതി നിരീക്ഷിക്കുന്നു. ചെയർപേഴ്സനെയും അംഗത്തെയും വീണ്ടും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്ന തീയതിക്ക് 21 ദിവസത്തിന് മുൻപായി 5-10-2019 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത സ്ഥാനങ്ങളിൽ അവർക്ക് ചുമതലയേൽക്കുവാൻ സാധിക്കുന്നതല്ലെന്നും അങ്ങനെ ചുമതല ഏറ്റെടുത്തത് നിയമാനുസൃതമല്ലെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ചെയർപേഴ്സന്റെയും അംഗത്തിന്റെയും കാലാവധി 4-10-2022-ന് അവസാനിച്ച് നിരവധി മാസങ്ങൾ കഴിഞ്ഞിട്ടും പുതിയ ചെയർപേഴ്സനെയും അംഗത്തെയും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. <u>ഭാവിയിൽ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർപേഴ്സനും അംഗങ്ങളും പ്രസ്തുത</u>

സ്ഥാനങ്ങളിൽ ചുമതലയേൽക്കുന്നതിന് മുൻപായി തന്നെ അവരെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്നും കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ പുതിയ ചെയർപേഴ്സനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

66. മുൻകാലങ്ങളിൽ മെമ്പർ സെക്രട്ടറിയുടെ പേരുവിവരം കമ്മീഷൻ രൂപീകരണത്തോടൊപ്പം ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും എസ്.ആർ.ഒ. നമ്പർ 787/2019-ൽ മെമ്പർ സെക്രട്ടറിയെ കുറിച്ച് പരാമർശിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. 24-5-2022-ലെ സ.ഉ.(സാധാ.) നമ്പർ 2130/2022/പൊ.ഭ.വ. പ്രകാരമാണ് കമ്മീഷനിലെ നിലവിലെ മെമ്പർ സെക്രട്ടറിയെ നിയമിച്ചതെങ്കിലും പ്രസ്തുത ഉത്തരവും എസ്.ആർ.ഒ. നമ്പർ നൽകി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഭാവിയിൽ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ മെമ്പർ സെക്രട്ടറിയെ നിയമിക്കുമ്പോൾ പ്രസ്തുത ഉത്തരവ് എസ്.ആർ.ഒ. നമ്പർ നൽകി ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. ഭാവിയിൽ, വിശദീകരണക്കുറിപ്പിന് മുമ്പുള്ള 'സെക്രട്ടറി' എന്നത് 'ഗവൺമെന്റ് സെക്രട്ടറി' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## എസ്.ആർ.ഒ. നമ്പർ 370/2020

****

68. ഭാവിയിൽ, വിശദീകരണക്കുറിപ്പിന് മുമ്പുള്ള 'സെക്രട്ടറി' എന്നത് 'ഗവൺമെന്റ് സെക്രട്ടറി' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സജീവ പരിഗണനയും ശ്രദ്ധയും ലഭിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-കളിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം.മണി,
*ചെയർമാൻ,*
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9 Vol. IX | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2020 നവംബർ 03 03rd November 2020 1196 തുലാം 18 18th Thulam 1196 1942 കാർത്തികം 12 12th Karthika 1942 | നമ്പർ No. 2607 |

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 14/2020/പൊ.ഭ.വ.
എസ്. ആർ. ഒ. നമ്പർ 771/2020

*2020 ഒക്ടോബർ 21*
*തിരുവനന്തപുരം, 1196 തുലാം 05*
*1942 അശ്വിനം 29.*

2014 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് (2014 ലെ 5) 20-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ചട്ടങ്ങൾ**

1. **ചുരുക്കപ്പേരും പ്രാരംഭവും.**— (1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ 2013 മെയ് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. **നിർവചനങ്ങൾ**.— (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2014- ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്, (2014- ലെ 5) എന്നർത്ഥമാകുന്നു.

(ബി) "സമുദായ സർട്ടിഫിക്കറ്റ്" എന്നാൽ ഈ ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള മാതൃകയിലും രീതിയിലും സർക്കാർ നൽകുന്ന സാക്ഷ്യപത്രം എന്നർത്ഥമാകുന്നു.

(സി) "ഫാറം" എന്നാൽ ഈ ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഒരു ഫോറം എന്നർത്ഥമാകുന്നു

(ഡി) "പട്ടിക" എന്നാൽ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റ് നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആക്റ്റ് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. **ആസ്ഥാനം**.— കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. **ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും.**— (1) കമ്മീഷന്റെ ചെയർപേഴ്സണ് സർക്കാർ ചീഫ് സെക്രട്ടറിക്ക് തുല്യമായ സ്ഥാനവും ശമ്പളവും മറ്റ് അംഗങ്ങൾക്ക് സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് തുല്യമായ സ്ഥാനവും ശമ്പളവും ചെയർപേഴ്സനും അംഗങ്ങൾക്കും സർക്കാരിൽ തുല്യമായ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുടെ നിരക്കിൽ ബത്തകളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ ചെയർപേഴ്സനോ മെമ്പർമാരോ സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ചവരാണെങ്കിൽ, ആയതിനു ലഭിക്കുന്ന പെൻഷൻ തുക അവർക്ക് നിർദ്ദേശിച്ചിട്ടുള്ള ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണോ മെമ്പറോ ആയി നിയമിക്കപ്പെടുന്ന വ്യക്തി ആ ദിവസം ഇന്ത്യാ ഗവൺമെന്റ് സർവ്വീസിലോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റ് സർവ്വീസിലോ ഉണ്ടായിരുന്നുവെങ്കിൽ അന്നേ ദിവസം ബന്ധപ്പെട്ട സർവ്വീസിൽ നിന്നും വരമിച്ചതായി കണക്കാക്കുന്നതാണ്.

(3) കമ്മീഷന്റെ ചെയർപേഴ്സണും, മെമ്പർമാർക്കും ലീവ്, ലീവ് സാലറി, മെഡിക്കൽ അലവൻസ്, ട്രാവലിംഗ് അലവൻസ്, മറ്റ് അലവൻസുകൾ എന്നിവ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ സർക്കാർ ജീവനക്കാർക്ക് ബാധകമായ രീതിയിലായിരിക്കും. ചെയർ പേഴ്സൺ/അംഗങ്ങൾ പെൻഷനർമാരാണെങ്കിൽ അവധി എടുക്കുന്നതിനും അവധിക്കാല ശമ്പളം ലഭിക്കുന്നതിനുമുള്ള അവകാശം കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന കെ.എസ്.ആർ-ന്റെ ഭാഗം I അനുബന്ധം VIII-ലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കും

5. **ഔദ്യോഗിക കാലാവധി.**—

ചെയർപേഴ്സണും മെമ്പർമാർക്കും അവരുടെ സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യപ്പെടാത്ത പക്ഷം മൂന്നു വർഷമായിരിക്കും കാലാവധി.

6. **കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും.**— (1) കമ്മീഷനിലെ ജീവനക്കാരുടെ എണ്ണവും, അവരുടെ യോഗ്യതയും, നിയമന രീതിയും, ശമ്പള സ്കെയിലും ഈ ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യേക്കാവുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.

(2) കമ്മീഷനിലെ ജീവനക്കാർക്ക് തുല്യ ശമ്പളസ്കെയിലുള്ള സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ബത്തകൾക്കും ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) കമ്മീഷനിലെ ജീവനക്കാർക്കാരുടെ നിയമനത്തിനുള്ള പ്രായപരിധി, നിരീക്ഷണകാലം, ശമ്പളവും, ബത്തകളും , അവധി, മറ്റ് ആനുകൂല്യങ്ങൾ, അച്ചടക്ക നടപടികൾ, വിരമിക്കൽ പ്രായം ഇവയെല്ലാം സർക്കാർ സർവ്വീസിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ബാധകമായ ചട്ടങ്ങൾ പ്രകാരം ആയിരിക്കുന്നതാണ്.

**7. <u>ജീവനക്കാരുടെ മേൽ കമ്മീഷന്റെ ഭരണവും അച്ചടക്ക നിയന്ത്രണവും</u> .—**

കമ്മീഷനിലെ എല്ലാ ജീവനക്കാരുടെയും നിയമനാധികാരി സർക്കാർ ആയിരിക്കും. കമ്മീഷൻ ഓഫീസിലെ പൊതുഭരണവും നടത്തിപ്പ് ജോലിയും മെമ്പർ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**8. <u>സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും അതിന്റെ രജിസ്ട്രേഷനും</u> .—**

(1) ന്യൂനപക്ഷ സമുദായത്തിൽ പ്പെട്ട ഏതൊരു വ്യക്തിക്കും സമുദായ സർ ട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഫാറം നമ്പർ I ൽ ബന്ധപ്പെട്ട അധികാരിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) ഉപചട്ടം (1) പ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ, ബന്ധപ്പെട്ട അധികാരി അപേക്ഷയുടെ വിശദാംശങ്ങൾ അതിനുവേണ്ടി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഫാറം II ൽ രേഖപ്പെടുത്തേണ്ടതാണ്.

**9. <u>സമുദായ സർ ട്ടിഫിക്കറ്റ് വിതരണം</u> .—** (1) അപേക്ഷയിൽ പറയുന്ന വസ്തുതകൾ ശരിയാണെന്നും അപേക്ഷകൻ/അപേക്ഷക അവകാശപ്പെട്ടിരുന്നതുപോലെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടയാളാണെന്നും ബന്ധപ്പെട്ട അധികാരി യുക്തമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടാൽ അപേക്ഷ ലഭിച്ച് ഏഴു ദിവസത്തിനകം ഫോറം നമ്പർ III ൽ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(2) എന്നാൽ അന്വേഷണത്തിൽ അപേക്ഷകന്റെ/അപേക്ഷകയുടെ അവകാശവാദം യഥാർത്ഥമല്ലെന്നും അപേക്ഷകൻ/അപേക്ഷക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടയാളല്ലെന്നും ബോധ്യമായാൽ, അപേക്ഷ, കാരണം രേഖപ്പെടുത്തി നിരസിക്കേണ്ടതും അപേക്ഷകനെ അപ്രകാരം അറിയിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**10. പരാതികളിലും അവകാശവാദങ്ങളിലുമുള്ള നടപടി .—**

(1) കമ്മീഷന്റെ മുമ്പാകെ ലഭിക്കുന്ന ഏത് പരാതിയിലും പ്രാദേശിക അന്വേഷണം നടത്താൻ കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള അന്വേഷണം ചെയർപേഴ്സണ് സ്വയമോ, ഒരു അംഗത്തിനോ ചെയർപേഴ്സൺ അധികാരപ്പെടുത്തിയ കമ്മീഷനിലെ ഉദ്യോഗസ്ഥനോ നടത്താവുന്നതാണ്. കമ്മീഷന് സർക്കാരിന്റെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതു ട്രസ്റ്റുകൾ എന്നിവയിൽ നിന്നും അന്വേഷണ റിപ്പോർട്ട് വിളിച്ച് വരുത്താവുന്നതാണ്. കമ്മീഷന്, അതിന് ഉചിതമെന്ന് തോന്നുന്ന സ്രോതസ് മുഖേന വിദഗ്ധ അഭിപ്രായം തേടാവുന്നതാണ്.

(2) 1-ാം ഉപചട്ട പ്രകാരമുള്ള നടപടികൾക്കു ശേഷം കമ്മീഷന് ഉചിതമായ തീരുമാനം എടുക്കാവുന്നതും ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള ഉപദേശം ന്യായമായ സമയത്തിനുള്ളിൽ സംസ്ഥാന സർക്കാരിന് നൽകാവുന്നതുമാണ്.

**11. കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് .—**

നിയമത്തിന്റെ 16-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആഡിറ്റ് ചെയ്ത കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് പട്ടികയിലെ IV-ാം നമ്പർ ഫാറത്തിൽ കമ്മീഷൻ തയ്യാറാക്കേണ്ടതാണ്.

**12. വാർഷിക റിപ്പോർട്ട്.—**

നിയമത്തിന്റെ 18-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം, ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള വാർഷിക റിപ്പോർട്ട്, പ്രസ്തുത വർഷത്തെ അതിന്റെ എല്ലാ പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവരം ഉൾക്കൊള്ളിച്ച് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ഫാറം നമ്പർ V-ൽ തയ്യാറാക്കേണ്ടതും ആയതിന്റെ പകർപ്പ് സർക്കാരിലേയ്ക്ക് അയക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക I

(ചട്ടം 6 ലെ ഉപ-ചട്ടം (1) കാണുക)

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം | നിയമന രീതി |
|---|---|---|---|
| 1 | മെമ്പർ സെക്രട്ടറി | 1 | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന. |
| 2 | രജിസ്ട്രാർ | 1 | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 3 | ഫിനാൻസ് ഓഫീസർ | 1 | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 4 | സെക്ഷൻ ഓഫീസർ, | 1 | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 5 | അസിസ്റ്റന്റ് | 2 | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 6 | ചെയർമാന്റെ പേഴ്സണൽ അസിസ്റ്റന്റ് | 1 | പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന. |
| 7 | ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലർക്ക് | 2 | ഏതെങ്കിലും സബോർഡിനേറ്റ് സർവീസിലെ ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 8 | ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ | 2 | ഏതെങ്കിലും സബോർഡിനേറ്റ് സർവീസിലെ ഓഫീസ് അറ്റൻഡന്റ് / ഡ്രൈവർ തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 1975 ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ |
| | ആകെ | 12 | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. I

(ചട്ടം 8 ലെ ഉപചട്ടം (1) കാണുക)

## സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :

2. വിലാസം :

3. പ്രായം :

4. പിതാവിന്റെ പേര് :

5. സ്ഥിരതാമസ സ്ഥലം :

6. (a) അപേക്ഷ മറ്റേതെങ്കിലും വ്യക്തിക്ക് വേണ്ടിയാണോ എന്ന്? :

   (b) അങ്ങനെയെങ്കിൽ, ഏത് അധികാരത്തിൽ? :

   (c) അങ്ങനെയെങ്കിൽ, ടി വ്യക്തിയുടെ പേരും, വിലാസവും, പ്രായവും :

7. സാക്ഷ്യപത്രം ഏതാവശ്യത്തിനു വേണ്ടിയെന്ന് :

8. അപേക്ഷകന്റെ മതം :

9. അപേക്ഷകന്റെ ജാതിയും ഉപജാതിയും :

10. അപേക്ഷകൻ/ഗുണഭോക്താവ് ഉൾപ്പെടുന്ന ന്യൂനപക്ഷ സമുദായത്തിന്റെ പേര് :

സ്ഥലം:

അപേക്ഷകന്റെ ഒപ്പ്

തീയതി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പ്രസ്താവന

........................................................................ ജില്ലയിൽ ........................................................

..........................................താലൂക്കിൽ ....................................................................... താമസിക്കുന്ന

............................................................................... മകൻ/മകൾ ........................................................

എന്ന ഞാൻ മുകളിൽകൊടുത്തിരിക്കുന്ന വിവരം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ്

തീയതി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. II

## (2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ)

(ചട്ടം 8 ലെ ഉപചട്ടം (2 കാണുക)

1. അപേക്ഷകന്റെ പേര് :

2. സ്ഥിരമായ മേൽവിലാസം :

3. ഇപ്പോഴത്തെ മേൽവിലാസം :

4. പ്രായവും ജനനത്തീയതിയും :

5. ലിംഗം :

6. തൊഴിൽ (അപേക്ഷകൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ, ഉദ്യോഗപ്പേര്) :

7. വിദ്യാഭ്യാസ യോഗ്യതകൾ :

8. അവകാശപ്പെട്ട മതവും ജാതിയും :

9. അവകാശപ്പെട്ട ജാതി പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ വരുന്നതാണോ എന്ന് :

10. പിതാവിന്റെ പേരും മതവും ജാതിയും :

11. മാതാവിന്റെ പേരും മതവും ജാതിയും :

12. വിവാഹിത/വിവാഹിതനാണെങ്കൽ ഭർത്താവിന്റെ/ ഭാര്യയുടെ പേരും ടിയാന്റെ/ടിയാളുടെ മതവും ജാതിയും :

13. അവകാശവാദം മിശ്രവിവാഹത്തിന്റെ അടിസ്ഥാനത്തിലാണോ അല്ലയോ എന്ന് :

14. മറ്റൊരു മതത്തിൽ നിന്ന് മതപരിവർത്തനം ചെയ്യപ്പെട്ട ആളാണെങ്കിൽ ഏത് മതത്തിൽ :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിന്ന്, ഏത് ഉപവിഭാഗത്തിൽ നിന്ന്,
മതപരിവർത്തനത്തിന്റെ തീയതി

15. മറ്റൊരു സംസ്ഥാനത്തിൽ നിന്ന് കുടിയേറിയ ആളാണെങ്കിൽ ഏതു സംസ്ഥാനത്തിൽ നിന്ന്, :
കുടിയേറിയ വർഷം

അധികാരിയുടെ ഒപ്പ്

അധികാരിയുടെ പേരും ഉദ്യോഗപ്പേരും

സ്ഥലം:

തീയതി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഫാറം നം. III**

**( കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)**

(ചട്ടം 9 ലെ ഉപചട്ടം (1) കാണുക)

നം.....................................

.................................ഓഫീസ്

തീയതി: ............/............./..................

## സമുദായ സർട്ടിഫിക്കറ്റ്

*[2020 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം നൽകുന്നത്]*

കേരള സംസ്ഥാനത്തിലെ ...................................................................................ജില്ലയിലെ ...........................................താലൂക്കിലെ.......................................................................വില്ലേജിലെ ശ്രീ/ശ്രീമതി.............................................................................. ന്റെ ഭാര്യ/മകൻ/മകൾ/ ആയ ശ്രീ/ശ്രീമതി/കുമാരി .............................................................................. 1992 ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ്, (1992 ലെ 19-ാം നമ്പർ സെൻട്രൽ ആക്റ്റ്) പ്രകാരം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുള്ള ................................... ന്യൂനപക്ഷ സമുദായത്തിൽഉൾപ്പെട്ട ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഈ സാക്ഷ്യപത്രം നൽകുന്നത് ....................................................................................................... ....................................................................................... ആവശ്യത്തിലേക്കാണ്.

ഒപ്പ്

അധികാരിയുടെ പേരും ഉദ്യോഗപ്പേരും

(സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. IV

*(ചട്ടം 11 കാണുക)*

**( കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)**

**കണക്കുകളുടെ പ്രസ്താവം**

| | | |
|---|---|---|
| 1. | വർഷം | : |
| 2. | അക്കൗണ്ട് ശീർഷകം | : |
| 3. | നടപ്പ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് | : |
| 4. | നടപ്പ വർഷം ഗ്രാന്റായി ലഭിച്ച ആകെ തുക | : |
| 5. | ചെലവ് | : |
| 6. | ശമ്പളവും ബത്തകളും | : |
| 7. | യാത്രാ ബത്ത /ദിന ബത്ത | : |
| 8. | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | : |
| 9. | വാടക, വൈദ്യുതി, വെള്ളം | : |
| 10. | ഇന്ധനച്ചെലവ് | : |
| 11. | സ്റ്റേഷനറി / ഫർണിച്ചർ വാങ്ങിയതിനുള്ള ചെലവ് | : |
| 12. | ഇതര ഓഫീസ് ചെലവുകൾ | : |
| 13. | ആകെ | : |
| 14. | കമ്മീഷന്റെ കൈവശം നീക്കിയിരുപ്പ്/ കമ്മി എന്നിവ ഉണ്ടെങ്കിൽ | : |

മെമ്പർ സെക്രട്ടറി

സ്ഥലം:

തീയതി:

*ഓഫീസ് സീൽ*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. V

*(ചട്ടം 12 കാണുക)*

## (കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)

## വാർഷിക റിപ്പോർട്ട്

1. ആമുഖം
2. കമ്മീഷന്റെ രൂപീകരണം
3. കമ്മീഷനിലെ ഓഫീസർമാരും ജീവനക്കാരും (പേര്, തസ്തിക, എണ്ണം, ശമ്പള സ്കെയിൽ)
4. കമ്മീഷന്റെ വരവും ചെലവും (ഇനം തിരിച്ച്)
5. കമ്മീഷന്റെ വാർഷിക കണക്കുകൾ
6. കമ്മീഷനു മുമ്പാകെ ഫയൽ ചെയ്ത പരാതികൾ
7. കമ്മീഷന്റെ തീരുമാനങ്ങൾ
8. കോടതികളിലോ ട്രൈബ്യൂണലുകളിലോ കമ്മീഷനോ/ കമ്മീഷനെതിരായോ ഫയൽ ചെയ്ത കേസുകൾ
9. മറ്റ് പ്രസക്ത വിവരം

മെമ്പർ സെക്രട്ടറി

സ്ഥലം

തീയതി

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ,**
*സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് 20-ാം വകുപ്പ് പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിയിരിക്കുന്നു. അപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ,**

*സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.03 01:27:28 +05:3

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20


# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2019 ഒക്ടോബർ 26<br>26th October 2019<br>1195 തുലാം 9<br>9th Thulam 1195<br>1941 കാർത്തികം 4<br>4th Karthika 1941 | നമ്പർ<br>No. 2573 |


### കേരള സർക്കാർ

### പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (പി) നമ്പർ 14/2019/പൊ.ഭ.വ.

*തിരുവനന്തപുരം, 2019 ഒക്ടോബർ 21*
*1195 തുലാം 4*
*1941 ആശ്വിനം 29.*

**എസ്. ആർ. ഒ. നമ്പർ 787/2019**

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2016 സെപ്റ്റംബർ 27-ാം തീയതിയിലെ സ.ഉ.(പി) നമ്പർ 20/2016/പൊ.ഭ.വ.


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവിൻകീഴിൽ പുറപ്പെടുവിച്ചതും 2016 സെപ്റ്റംബർ 28-ാം തീയതിയിലെ 1687-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 612/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും കാലാവധി 2019 ഒക്ടോബർ മാസം 4-ാം തീയതി അവസാനിച്ചതിനാൽ കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി 2019 ഒക്ടോബർ മാസം 5-ാം തീയതി മുതൽ മൂന്ന് വർഷത്തേക്ക് ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. ഷാജഹാൻ,
*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2016 സെപ്റ്റംബർ 27-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 20/2016/പൊ.ഭ.വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2016 സെപ്റ്റംബർ 28-ാം തീയതിയിലെ 1687-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 612/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി 2019 ഒക്ടോബർ മാസം 4-ാം തീയതി അവസാനിച്ചതിനാൽ കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി 2019 ഒക്ടോബർ മാസം 5-ാം തീയതി മുതൽ മൂന്ന് വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ഭാഗം III

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KI/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2020 ജൂൺ 05<br>05th June 2020<br>1195 ഇടവം 22<br>22nd Idavam 1195<br>1942 ജ്യേഷ്ഠം 15<br>15th Jyaishta 1942 | നമ്പർ<br>No. | 1353 |

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 9/2020/പൊ.ഭ.വ.
**എസ്. ആർ. ഒ. നമ്പർ 370/2020**

2020 ജൂൺ 5
തിരുവനന്തപുരം, 1195 ഇടവം 22
1942 ജ്യേഷ്ഠം 15.

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ (2014-ലെ 5) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2013 ജൂൺ 5-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 163/2013/പൊ.ഭ.വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2013 ജൂൺ 5-ാം തീയതിയിലെ 1569-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 454/2013 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും 2016 സെപ്റ്റംബർ 27-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 20/2016/പൊ.ഭ.വ. ഉത്തരവിൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കീഴിൽ പുറപ്പെടുവിച്ചതും 2016 സെപ്റ്റംബർ 28-ാം തീയതിയിലെ 1687-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 612/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള സർക്കാർ പ്രസ്തുത വിജ്ഞാപനത്തിൽ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചതിനാലും;

2017 മേയ് 8-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 13/2017/പൊ.ഭ.വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2017 മേയ് 8-ാം തീയതിയിലെ 938-ാം നമ്പർ കേരള അസാധാരണഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 239/2017 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം കേരള സർക്കാർ അഡ്വ.മുഹമ്മദ് ഫൈസൽ, ഫത്താഹ്, കൊച്ചന്നൂർ റോഡ്, വട്ടംപാടം, കൊച്ചന്നൂർ പി.ഒ., തൃശ്ശൂർ എന്നയാളെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗമായി നാമനിർദ്ദേശം ചെയ്തതിനാലും;

മേൽപ്പറഞ്ഞ വിജ്ഞാപനപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിന്റെ കാലാവധി 2020 മേയ് 14-ാം തീയതി അവസാനിച്ചതിനാലും മേൽപ്പറഞ്ഞ അംഗത്തിനെ വീണ്ടും അംഗമായി നാമനിർദ്ദേശം ചെയ്യാൻ സർക്കാർ തീരുമാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ അഡ്വ.മുഹമ്മദ് ഫൈസൽ, ഫത്താഹ്, കൊച്ചന്നൂർ റോഡ്, വട്ടംപാടം, കൊച്ചന്നൂർ പി.ഒ., തൃശ്ശൂർ എന്നയാളെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗമായി ഇതിനാൽ നാമനിർദ്ദേശം ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ,
*സെക്രട്ടറി.*

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017 മേയ് 8-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 13/2017/പൊ.ഭ.വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2017 മേയ് 8-ാം തീയതിയിലെ 938-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 239/2017 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2016 സെപ്റ്റംബർ 27-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 20/2016/പൊ.ഭ.വ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചതും 2016 സെപ്റ്റംബർ 28-ാം തീയതിയിലെ 1687-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 612/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട അഡ്വ.മുഹമ്മദ് ഫൈസൽ, ഫത്താഹ്, കൊച്ചന്നൂർ റോഡ്, വട്ടംപാടം, കൊച്ചന്നൂർ പി.ഒ., തൃശ്ശൂർ എന്നയാളുടെ അംഗത്വ കാലാവധി 2020 മേയ് 14-ാം തീയതി അവസാനിച്ചതിനാൽ പ്രസ്തുത അംഗത്തിനെ കമ്മീഷനിലെ അംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.06.05 04:55:17 +05:30